**അനുബന്ധം**

**തിരുത്തിയ ഉത്തരം**

15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 24-03-2025-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5723-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവുംവകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

**ലൈഫ് ഭവന പദ്ധതി പ്രകാരം പണികഴിപ്പിച്ച മച്ചിപ്ലാവ് ഫ്ലാറ്റ് സമുച്ചയം**

(എ) ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പണികഴിപ്പിച്ച മച്ചിപ്ലാവ് ഫ്ലാറ്റ് സമുച്ചയത്തിൽ ആകെ എത്ര ഫ്ലാറ്റുകളാണുള്ളത്; അവിടെ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ മച്ചിപ്പാവ് ലൈഫ് മിഷൻ ഫ്ലാറ്റിൽ 217 ഭവന യൂണിറ്റുകൾ ഉണ്ട്. ഇതിൽ 211 ഫ്ലാറ്റുകൾ ലൈഫ് ഭൂരഹിത വനരഹിത കുടുംബങ്ങൾക്ക് അനുവദിച്ച നൽയികിട്ടുള്ളതിൽ 146 കുടുംബങ്ങൾ സ്ഥിരമായി താമസിക്കുന്നുണ്ട്.

(ബി) പ്രസ്തുത ഫ്ലാറ്റിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; ഇതിൽ എത്ര തുകയാണ് അനുവദിച്ചത്; വിശദമാക്കാമോ?

അടിമാലി ഫ്ലാറ്റിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് 1,05,39,817 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സർക്കാരിന്റെ 27-09-2024-ലെ സ.ഉ.(സാധാ) നമ്പർ 1798/2024/ത.സ്വ.ഭ.വ ഉത്തരവുപ്രകാരം പ്രസ്തുത തുക അറ്റകുറ്റപണികൾക്കായി അനുവദിച്ചിട്ടുമുണ്ട്.